APPENDIX H4

നോട്ടീസ്

ചങ്ങനാശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഹെഡ് ക്ലാർക്ക് (നിലവിൽ സസ്പെൻഷനിൽ) ശ്രീ. ഷെറിൻ സ്റ്റീഫൻ അറിയുന്നതിനായി പ്രസിദ്ധീകരിക്കുന്നത്.

കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾ 1960 പ്രകാരം കൈക്കൂലി, തൊഴിൽതട്ടിപ്പ് തുടങ്ങിയ ചാർജ്ജുകളിൻ മേൽ താങ്കൾക്കെതിരെ നടപടി സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയതിനുള്ള പ്രതിവാദ പത്രിക സമർപ്പിക്കണമെന്നറിയിച്ചുകൊണ്ട്, ഈ കാര്യാലയത്തിൽ ലഭ്യമായ താങ്കളുടെ മേൽവിലാസത്തിൽ 02.04.2024-ലെ L2/194/2024/DE നമ്പർ കുറ്റപത്രവും ,കുറ്റാരോപണപത്രികയും രജിസ്റ്റേർഡ് തപാൽ മാർഗ്ഗം അയച്ചിരുന്നു. എന്നാൽ 'RTS-Unclaimed' എന്ന കുറിപ്പോടെ പ്രസ്തുത തപാൽ കൈപ്പറ്റാതെ തിരികെ ലഭിക്കുകയുണ്ടായി. ആകയാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ പ്രതിവാദ പത്രിക ലഭ്യമാക്കാത്തപക്ഷം മേൽവിഷയത്തിൽ താങ്കൾക്ക് യാതൊന്നും കൂട്ടുതലായി ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിലെ തൊഴിൽ ഭവനിൽ പ്രവർത്തിച്ചുവരുന്ന എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ ഡയറക്ടർ സമക്ഷം പ്രവൃത്തി സമയത്തിൽ താങ്കളുടെ മേൽവിലാസം രേഖപ്പെടുത്തി അപേക്ഷ സമർപ്പിച്ചാൽ മേൽ കുറ്റപത്രവും കുറ്റാരോപണപത്രികയും ലഭ്യമാക്കുന്നതാണ്.

**ശിക്ഷണാധികാരി:- എംപ്ലോയ്മെന്റ് ഡയറക്ടർ**

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്,

തൊഴിൽ ഭവൻ, വികാസ് ഭവൻ പി ഒ,

തിരുവനന്തപുരം 695033

To

ശ്രീ. ഷെറിൻ സ്റ്റീഫൻ

നല്ലിക്കാട് വീട്

കൊല്ലോട് പി.ഒ.

തിരുവനന്തപുരം 695571